അധിഷ്ഠിതമാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അപ്പർ പ്രൈമറി ക്ലാസ്സുകളിൽ ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്കായി പ്രത്യേക പഠനസഹായിയും പഠനവിഭവ സി.ഡി.-യും ലഭ്യമാക്കിയിട്ടുണ്ട്.

(സി) 2009-10 അധ്യയന വർഷം സംസ്ഥാനത്തെ 4071 സ്കൂളുകളിൽ ഐ.സി.ടി. അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കി. ഐ.ടി. അധിഷ്ഠിത പഠനം അപ്പർ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ വ്യാപിപ്പിക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തെ 30 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു.

(ഡി) 2009-10 അധ്യയനവർഷം 54.28 കോടി രൂപ ഇതിനായി ചെലവഴിച്ചു. ഇതിൽ 40.71 കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചു.

(ഇ) ഒൻപതാം ക്ളാസ്സിലെ പഠനബോധന പ്രക്രിയ ശരിയായ അർത്ഥത്തിൽ ഐ.സി.ടി. അധിഷ്ഠിതമാക്കുന്നതിനും ഹയർ സെക്കണ്ടറി മേഖലയിലെ പ്രവർത്തനങ്ങൾ ഐ.ടി. അധിഷ്ഠിതമാക്കുന്നതിനും ക്രമീകരണങ്ങൾ 2010-2011 അധ്യയനവർഷം ഒരുക്കുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ പരിപാടികളുടെ തുടർപ്രവർത്തനങ്ങൾ 2010-2011 അധ്യയനവർഷവും നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ എല്ലാ ഹൈസ്ക്കൂൾ/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കും വെബ്സൈറ്റ് സ്ക്കൂളുകളിലെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും 'സ്കൂൾ മാനേജ്മെന്റ് സിസ്റ്റം' സോഫ്ട് വെയർ പ്രാവർത്തികമാക്കൽ തുടങ്ങിയവയും 2010-11 അധ്യയനവർഷം നടത്താൻ ഉദ്ദേശിക്കുന്നു.

(എഫ്) 2010-2011 അധ്യയനവർഷത്തേയ്ക്ക് ഈ പദ്ധതിക്കായി മുൻവർഷത്തെയത്രയും തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

സ്കൂൾ കുട്ടികൾക്കായുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

11 (5143) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി:
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്കായുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും ഇൻഷ്വറൻസ് കമ്പനികളെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) കുട്ടികൾക്കായി വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള അപകട സമാശ്വാസ പദ്ധതിയുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്കായി സർക്കാർ പ്രതിവർഷം എത്ര തുക അനുവദിക്കുന്നു ;

(ഡി) പദ്ധതിയുടെ പ്രയോജനം കഴിഞ്ഞ വർഷം എത്ര കുട്ടികൾക്ക് ലഭിച്ചു ;

(ഇ) അപകടങ്ങൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ; സർക്കാരിന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 2002 വരെ പ്രസ്തുത പദ്ധതി ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നാണ് നടപ്പിലാക്കി വന്നത്. എന്നാൽ പ്രസ്തുത കമ്പനികൾ പ്രീമിയം ഇനത്തിൽ വർദ്ധനവ് ആവശ്യപ്പെട്ടതിനെത്തുടർന്ന് 2003 മുതൽ സർക്കാർ നേരിട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേനയാണ് ഈ സ്കീം നടത്തിവരുന്നത്.

(ബി) 1989-90 വർഷത്തിലാണ് സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നത്. സ്കൂൾ കുട്ടികൾ മരണപ്പെട്ടാൽ രക്ഷകർത്താവിന് 10,000 രൂപ ഇൻഷ്വറൻസ് ക്ലെയിം നൽകിവരുന്നു. സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ പതിനായിരം രൂപയിൽകൂടാത്ത തുക നഷ്ടപരിഹാരമായി നൽകിവരുന്നു. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു. പൊതു വിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് ഈ പദ്ധതി നടത്തിവരുന്നത്.

(സി) 68.20 ലക്ഷം രൂപ (അറുപത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരം രൂപ)

(ഡി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

(ഇ) ആത്മഹത്യ ഒഴികെയുള്ള എല്ലാ മരണങ്ങൾക്കും 10,000 രൂപ വീതം നൽകിവരുന്നു. ഈ ആനുകൂല്യം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർ അത് പരിശോധിച്ച് അനുവദനീയമായ തുകയ്ക്കുള്ള ചെക്ക്/ഡിമാൻഡ് ഡ്രാഫ്റ്റ് ഗുണഭോക്താവിന് വിതരണം ചെയ്യുകയും ചെയ്തുവരുന്നു. സർക്കാരിന്റെ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുമായി ചേർന്ന് പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly